**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2017–ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2017-ലെ സർക്കാർ/ എയ്ഡഡ്/ സർക്കാർ നിയന്ത്രിത/യൂണിവേഴ്സിറ്റി നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും, സർക്കാർ ഫാർമസി കോജേലുകളിലും നിലവിലുണ്ടായിരുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള ഓൺലൈൻ അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്.

ഈ ഘട്ടത്തിൽ പുതുതായോ, മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്ത മായോ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ്/അധിക തുക **2017 ആഗസ്റ്റ് 4 മുതൽ 8 വരെ തീയതികളിൽ** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (SBI) തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ, ഓൺലൈനായോ ഒടുക്കിയശേഷം **2017** ആഗസ്റ്റ് **5** മുതൽ **8** വരെ തീയതികളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**08.08.2017**–ന് ശേഷം സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത/യൂണിവേഴ്സിറ്റി നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും സർക്കാർ ഫാർമസി കോളേജുകളിലും ഒഴിവുകൾ നില നിൽക്കുന്ന പക്ഷം അവ അതത് കോളേജ് അധികാരികൾക്ക് സ്പോട്ട് അഡ്മിഷൻ മുഖേന **2017 ആഗസ്റ്റ് 15**–നകം നികത്താവുന്നതാണ്. പ്രോസ്പെക്ടസ് ക്ലോസ് 11.6.9 ലെ വ്യവസ്ഥകൾക്ക് വിധേയമായി പത്ര–ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയ ശേഷം 15.08.2017 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി സ്പോട്ട് അഡ്മിഷൻ വഴി ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിന് എല്ലാ കോളേജ് അധികാരികളെയും ഇതിനാൽ ചുമതലപ്പെടുത്തിക്കൊള്ളുന്നു.

Santhosh Kumar

തിരുവനന്തപുരം

04.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**